പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3322 25-06-2012 -ൽ മറുപടിക്ക്.

## <u>വിദേശമദ്യ വിതരണം സർക്കാർ നയം</u>

| <u>ചോദ്യം:</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിദേശമദ്യ വിതരണം സംബന്ധിച്ച് ഈ സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിൽ വർദ്ധിച്ചു വരുന്ന അമിത മദ്യ ഉപഭോഗത്തിനെതിരെ ശക്തമായ മദ്യനയമാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. 3 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് നിർത്തൽ ചെയ്തു. പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ, ബാർ ഹോട്ടലുകൾ തമ്മിലുള്ള ദൂരപരിധി, പഞ്ചായത്തുകളിൽ 3 കി.മീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ 1 കി.മീറ്ററുമാക്കി നിജപ്പെടുത്തി. പുതുതായി ആരംഭിക്കുന്ന ബാർ ഹോട്ടലുകൾക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ കോളനി എന്നിവയിൽ നിന്നും 200 മീറ്റർ ദൂരപരിധി നിശ്ചയിച്ചു. ദു:ഖവെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ വെട്ടിക്കുറച്ചു. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 15 ലിറ്ററാക്കി പരിമിതപ്പെടുത്തി. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പുതിയ വിദേശ മദ്യഷാപ്പുകൾ അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം, സംസ്ഥാനത്ത് പുതിയ വിദേശ മദ്യഷാപ്പുകളൊന്നും അനുവദിച്ചിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ബാർ ഹോട്ടലുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) ഈ സർക്കാർ അധികാരമേറ്റശേഷം, 35 പുതിയ ബാർ ഹോട്ടലുകൾ അനുവദിച്ചു. |

സെക്ഷൻ ആഫീസർ